# തെങ്ങുകയറ്റം മുതൽ പരിപാലനം വരെ; പരിശീലനത്തിന് ആളേറുന്നു

കൊല്ലം ● തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കാൻ സാമൂഹികസന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ നാളികേര വികസന ബോർഡ് നടത്തുന്ന യന്ത്രവൽകൃത തെങ്ങുകയറ്റ പരിശീലന പരിപാടിക്കു ജില്ലയിൽ മികച്ച പ്രതികരണം. ക്വയിലോൺ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നീണ്ടകരയിലുള്ള ശ്രേയസ് സെന്ററിൽ 100 പേർ ഇതിനകം വിജയകരമായി തെങ്ങുകയറ്റ പരിശീലനം പൂർത്തിയാക്കി.

ആറു ദിവസം നീളുന്ന പരിശീലനത്തിൽ തെങ്ങുകയറ്റം മാത്രമല്ല, തെങ്ങിനെ കുറിച്ച് അറിയാനുള്ളതെല്ലാം പഠിപ്പിക്കും. തെങ്ങുകൃഷിയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ചു കൃഷി വകുപ്പ് ഉദ്യോഗസ്ഥരാണു ക്ലാസെടുക്കുന്നത്. തൈകൾ തിരഞ്ഞെടുക്കേണ്ട രീതി, വളപ്രയോഗം, രോഗബാധ, കീടനാശിനി എന്നിവയെല്ലാം പരിശീലനത്തിൽപ്പെടും. നീണ്ടകര പനയ്ക്കൽ തുരുത്തിലാണു പരിശീലനം .ആദ്യം 15 അടി, രണ്ടാമത്തെ ദിവസം 25 അടി, പിന്നീട് 50 അടി എന്നിങ്ങനെ ഘട്ടംഘട്ടമായിട്ടാണു കയറ്റം. തുരുത്തിലെ ഏറ്റവും ഉയരം കൂടിയ തെങ്ങിന്റെ നീളം 100 അടിയാണ്. അഞ്ചാമത്തെ ദിവസം ആ കടമ്പയും കടക്കും. യന്ത്രവൽകൃത തെങ്ങുകയറ്റത്തിൽ ആദ്യ ബാച്ച് വിജയകരമായി പൂർത്തിയാക്കിയവരാണു പുതുതായി പഠിക്കാൻ എത്തുന്നവരെ പരിശീലിപ്പിക്കുന്നത്. സമ്പൂർണ വ്യക്തിത്വ വികസനം ലക്ഷ്യമിട്ടുള്ള ക്ലാസുകളും ഉണ്ട്. തെങ്ങുകയറ്റ പരിശീലനം പൂർത്തിയാക്കുന്നവർക്കു സൗജന്യമായി തെങ്ങുകയറ്റ യന്ത്രങ്ങളും ഇവിടെ നിന്നു നൽകുന്നു. ഒപ്പം ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും. 250 പേരടങ്ങുന്ന തെങ്ങുകയറ്റ തൊഴിലാളികളുടെ സേന രൂപീകരിക്കുകയാണു ലക്ഷ്യം. മാസം രണ്ടു ബാച്ചുകളായി നടത്തുന്ന പരിശീലനത്തിന്റെ അടുത്ത ഘട്ടം 26നു തുടങ്ങുമെന്നു ക്യുഎസ്എസ്എസ് ഡയറക്ടർ ഫാ. പയസ് മല്ല്യർ അറിയിച്ചു. ഫോൺ: 97469 66568.



നാളികേര വികസന ബോർഡിന്റെ സഹായത്തോടെ ക്വയിലോൺ സോഷ്യൽ സർവീസ് സൊസൈറ്റി നീണ്ടകരയിൽ നടത്തുന്ന തെങ്ങുകയറ്റ പരിശീലന പദ്ധതി (ഫയൽ ചിത്രം).